THE NORTHEAST AMERICAN DIOCESE OF
THE MALANKARA ORTHODOX SYRIAN CHURCH

# Conference Chronicle

Day: 4

"Jesus Christ the foundation"

JULY 20, 2019 | Kalahari, Poconos Hills,Pennsylvania | PRIVATE CIRCULATION ONLY

FAMILY & YOUTH CONFERENCE 2019 DAILY NEWSLETTER



# ക്രിസ്തു അടിസ്ഥാനമിട്ട വിശുദ്ധവഴികളിലൂടെ..

**സ്വന്തം ലേഖകൻ**

കലഹാരി കൺവെൻഷൻ സെന്റർ: ആത്മീയ ജീവിതത്തിന്റെ ആഴത്തിൽ ആയിരിക്കുന്ന വേരുകൾ ക്രിസ്തു യേശുവിൽ അധിഷ്ഠിതമാണെന്നും വിശ്വാസി സമൂഹത്തിന്റെ അടിസ്ഥാനം മറ്റൊന്നല്ലെന്നും ഉദ്ഘോഷിച്ചു കൊണ്ട് കോൺഫറൻസ് ദിനം പ്രാർത്ഥനാഭരിതമായി. വിശ്വാസ ഉയിർപ്പുകൾ നിറഞ്ഞ നാലു ദിനങ്ങൾക്കു പരിസമാപ്തി.

മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ മൂന്നാംദിനം ആത്മീയ പ്രഭാഷണങ്ങളാലും യാമപ്രാർത്ഥനകളാലും ധ്യാന നിമഗ്നമായ അന്തരീക്ഷത്തിലും നിറഞ്ഞു നിന്നു. വിഷയങ്ങളുടെ വൈവിധ്യത്താലും ഉത്സാഹപൂർവ്വമായ പങ്കാളിത്തത്താലും യോഗ വേദികൾ സജീവമായിരുന്നു. കോടതിവിധിയും അനുതാപവും സമർപ്പണവും ഒക്കെ മുഖ്യ വിഷയങ്ങളായ വേദികളിലും ഫോറങ്ങളിലും പ്രസരിപ്പോടെയുള്ള പങ്കാളിത്തമാണ് ഉണ്ടായിരുന്നത്. സദാ സ്നേഹവും സാഹോദര്യവും ഓരോ വിശ്വാസിയും തിരിച്ചറിഞ്ഞ നിമിഷങ്ങൾ കോൺഫറൻസ് ദിനത്തെ ധന്യമാക്കി. ക്രിസ്തു യേശുവിലുള്ള അടിസ്ഥാനം ആധാരമാക്കിയ ധ്യാനയോഗങ്ങളും ചർച്ചാ ക്യാമ്പുകളും കൊണ്ട് മൂന്നാം ദിവസമായ വെള്ളിയാഴ്ച സമ്പന്നവും സജീവമായിരുന്നു. നാലു ദിന കോൺഫറൻസ് ഇന്ന് ശനിയാഴ്ച ഉച്ചയോടെ സമാപിക്കും.

രാവിലെ ആറുമണിക്ക് നമസ്കാരത്തോട് തുടങ്ങിയ കോൺഫറൻസ് മൂന്നാം ദിനത്തിൽ മലയാളത്തിൽ ഫാ. വി.എം. ഷിബുവും, ഇംഗ്ലീഷിൽ ഫാ. ഷോൺ തോമസും ധ്യാന പ്രസംഗം നയിച്ചു. തുടർന്ന് വിവിധ ഗ്രൂപ്പുകളായി ഫാ. എബ്രഹാം തോമസ് വെരി. റവ. ഡോ. ജോൺ ഈ. പാർക്കർ, ഫാ. ഷോൺ തോമസ്, മേരി ആൻ കോശി, സ്പീക്കർ ബോബി വറുഗീസ് എന്നിവർ ചിന്താവിഷയത്തൂലന്നിയ ചർച്ചകൾക്കു തുടക്കം കുറിച്ചു.

തുടർന്ന് എല്ലാ കോൺഫറൻസ് അംഗങ്ങളും വൈദികരോടും മെത്രാപ്പോലീത്തയോടുമൊപ്പം ഫോട്ടോ എടുത്തു. സജീവമായ ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം കുട്ടികളുടെ പരിപാടികൾ ഉണ്ടായിരുന്നു. മേരി ആൻ കോശി, ജിത്തു വറുഗീസ്, ചിന്നു മാത്യൂസ്, റിന്റു മാത്യു എന്നിവർ നേതൃത്വം നൽകി. ഉച്ചഭക്ഷണത്തിനു ശേഷം സൂപ്പർ സെഷനുകൾ നടന്നു. സഖറിയ മാർ നി

*(ശേഷം രണ്ടാം പേജിൽ)*




## THE GROWTH OF HOLY TRANSFIGURATION RETREAT CENTER (HTRC)

EBY KURIAKOSE

A brief session on the growth of Holy Transfiguration Retreat Center (HTRC) ministry was presided over by His Grace Zachariah Mar Nicholovos at the second day of the conference. In his presidential address, His Grace reminded the audience of a long unrealized dream of leaders of the Oriental Orthodox Churches in 1966 to create a world standard academy in Cairo, Egypt to cater to Oriental Orthodox Theology. He

(to be continued in Page 4)

**QUOTE OF THE DAY:**

**'മൗനത്തിന്റെ ഭാഷ ശക്തം'**

**ഫാ.എബ്രഹാം തോമസ്**

കീനോട്ട് സ്പീക്കർ

## Family and Youth Conference 2020 Pre-registration kick off

EBY KURIAKOSE

Family and Youth Conference 2020 Pre-registration kicked off at Kalahari yesterday and it was very well received by the attendees of the 2019 conference. More than 300 families have pre-registered for next year's conference by the time this article went to press today. Fr. Sunny Joseph, Co-ordinator and Joby John, General Secretary received registration checks from Sen Baby and Priya Sen from St. Gregorios Orthodox Church, Elmont and Noble Varghese and Sheelu Varghese. From Mar Gregorios Orthodox Church, Staten Island who were first time registrants for the Family and Youth conference.

Although a venue has not been decided, active discussions are going on with four sites across the north east Niagara Falls Convention Center, Hershey Park, Gaylord Washington DC and Honors Haven, Ellenville, NY.

The conference committee is expecting at least 500 participants next year. Pre-registration cost is $100. Pre-registration period closes September 15, 2019. Pre-Registrants can pay lump sum money or avail off 3 easy installment option while making payment. Pre-Registration discounts of 5% can be availed if the entire payment is received by April 1 2020. The conference committee is running a limited time exclusive discount offer of an additional 5% for participants of 2020 conference if all payments are completed by February 15 2020. That offer expires 11 AM on Saturday July 20, 2020.




*അഭിമാനപൂർവ്വം: കോൺഫറൻസ് നടത്തിപ്പിൽ നിന്നും മിച്ചം പിടിച്ച ഒരു ലക്ഷം ഡോളറിന്റെ ചെക്ക് ഹോളി ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെന്ററിനു വേണ്ടി സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത കോൺഫറൻസ് ഭാരവാഹികളിൽ നിന്നും ഏറ്റുവാങ്ങുന്നു.*

# ജീവിതാനുഭവങ്ങളിൽ ക്രിസ്തു നമ്മുടെ ജീവിതത്തിന് അടിസ്ഥാനം: ഫാ. എബ്രഹാം തോമസ്

**രാജൻ വാഴപ്പള്ളിൽ**

കലഹാരി: ആത്മീയനിറവിൽ നിറഞ്ഞുനിന്ന കോൺഫറൻസിന്റെ മൂന്നാംദിവസം ആഴമേറിയ പഠന ക്ലാസുകളിലൂടെ ദീപ്തിമത്തായി. ഭദ്രാസന അദ്ധ്യക്ഷൻ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തയുടെ ആത്മീയനേതൃത്വത്തിൽ വിജയകരമായി നടന്നു കൊണ്ടിരിക്കുന്ന പ്രസംഗ പരമ്പരയുടെ രണ്ടാം ഭാഗം പൂർത്തിയാക്കുന്നതിനായി കോർഡിനേറ്റർ ഫാ. സണ്ണി ജോസഫ്, ഫാ. എബ്രഹാം തോമസിനെ ക്ഷണിച്ചു.

പ്രാർത്ഥനയോടുകൂടി ആരംഭിച്ച ധ്യാന പ്രസംഗത്തിൽ കഴിഞ്ഞദിവസം ഉദ്ബോധിപ്പിച്ച വിഷയങ്ങൾ ഒന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് വിശദാംശങ്ങളിലേക്ക് കടന്നു. 1600 വർഷങ്ങൾക്കു മുൻപ് നമ്മുടെ പിതാവായിരുന്ന സ്വർണനാവുകാരനായ ഈവാനിയോസിന്റെ രചനകളെ അടിസ്ഥാനമാക്കി മൂന്നു കാര്യങ്ങൾ സൂചിപ്പിച്ചു. ആരാധന, ആരാധന പാരമ്പര്യം, ആരാധനയിൽ അടിസ്ഥാനപ്പെടുത്തി കൊണ്ട് ക്രിസ്തുവാകുന്ന അടിസ്ഥാനം. ഇത് ബോധ്യപ്പെടുത്തി പരിവർത്തനം ചെയ്തു ജീവിതത്തിലേക്ക് എങ്ങനെ യാത്ര ചെയ്യാം എന്ന് ഫാ. എബ്രഹാം തോമസ് വരച്ചുകാട്ടി.

അനീതിയിൽ സന്തോഷിക്കുന്നത് അനുഭവം, മറ്റുള്ളവരുടെ ഉയർച്ചയിൽ സന്തോഷിക്കാൻ കഴിയാത്ത അവസ്ഥ, പരസ്പരമുള്ള വൈരം, പക്ഷം ചേരലുകളുടെയും അനുരഞ്ജനമില്ലായ്മയുടെ ലോകം എന്നിവയെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി.

ക്രിസ്തുവാകുന്ന വലിയ രഹസ്യത്തിലേക്ക് നാം വളരണം. എന്തു പറഞ്ഞാലും ഏതു പറഞ്ഞാലും വേദപുസ്തകം മുഴുവൻ നിറഞ്ഞുനിൽക്കുന്ന രക്ഷയെക്കുറിച്ച് കൂദാശകളിലൂടെ ക്രിസ്തുവാകുന്ന അടിസ്ഥാനത്തിന്മേൽ നാം പണിയപ്പെടുന്നു.

പരിശുദ്ധ മാമോദീസാ നിത്യജീവിതത്തിലേക്കുള്ള വാതിലാണ്. മാമോദിസയാൽ നാം രക്ഷയുടെ അനുഭവത്തിലേക്ക് വളരണം. ആരാധന സ്വയം ആർജ്ജിച്ചെടുക്കേണ്ടതാണ്. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് നാം പലതും മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ആത്മാവിന്റെ ഭാഷ നാമറിയാതെതന്നെ പ്രാർത്ഥനയിലൂടെ നമ്മിലേക്ക് പ്രവേശിക്കുന്നു.

ജീവിതാനുഭവങ്ങളിൽ ക്രിസ്തുവിനെ അടിസ്ഥാനപ്പെടുത്തി മുന്നോട്ടു പോകുമ്പോൾ നമുക്കു ജീവിത വിജയം നേടാൻ സാധിക്കും. ആശ്വാസകരവും ശാന്തവുമായ ജീവിതം ലഭിക്കും. ക്രിസ്തീയമായ നല്ല അന്ത്യം പ്രാപിപ്പാൻ സാധിക്കും. രക്ഷയുടെ സഹയാത്രയിൽ പാപത്തിന്റെ വഴികൾ ഉപേക്ഷിച്ചു ക്രിസ്തുവിലുള്ള പ്രകാശം ദർശിക്കുവാൻ സാധിക്കും എന്നും ഫാ. എബ്രഹാം തോമസ് പറഞ്ഞു.

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

ക്കോളോവോസ് മെത്രാപ്പോലീത്ത, പീറ്റർ ജേക്കബ്, ഡോ. ആൽബർട്ട് തോമസ്, ഫാ. ഡോ. വർഗീസ് എം. ഡാനിയൽ, ഫാ. ഗീവറുഗീസ് കോശി എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസുകൾ എടുത്തു.

തുടർന്ന് പ്രീ സ്കൂൾ കുട്ടികളുടെ ഗ്രൂപ്പ് പരിപാടികൾ ഉണ്ടായിരുന്നു. സമാപന സമ്മേളനം ആയിരുന്നു അടുത്തത്. സ്വാഗതം ആശംസിച്ച് എംസിയായി ഫിനാൻസ് ചെയർപേഴ്സൺ തോമസ് വർഗീസ് പ്രവർത്തിച്ചു. മാർ നിക്കോളോവോസ് മെത്രാപ്പോലീത്തയോടൊപ്പം വിശിഷ്ട അതിഥികൾ, കോൺഫറൻസ് ഭാരവാഹികൾ, സഭ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ എന്നിവർ വേദിയിൽ സന്നിഹിതരായി. സുവനീർ പ്രകാശനം ആദ്യകോപ്പി കീനോട്ട് സ്പീക്കർ ഫാ. എബ്രഹാം തോമസ് നൽകി മാർ നിക്കോളോവോസ് നിർവഹിച്ചു. സുവനീർ കമ്മിറ്റി അംഗങ്ങളെ സ്റ്റേജിൽ എത്തിച്ച് ആദരിക്കുകയും ചെയ്തു. സുവനീർ ചീഫ് എഡിറ്റർ ജേക്കബ് ജോസഫ് സുവനീർ പ്രകാശനവും ആയി ബന്ധപ്പെട്ട വിവരങ്ങൾ പങ്കു വച്ചു. ബിസിനസ് കോർഡിനേറ്റർ സണ്ണി വർഗീസ് ഏരിയ കോർഡിനേറ്റർമാരെ പരിചയപ്പെടുത്തുകയും സ്റ്റേജിലേക്ക് വിളിച്ചുവരുത്തി നന്ദി അറിയിക്കുകയും ചെയ്തു. ഫിനാൻസ് കമ്മിറ്റി അംഗങ്ങളെ ചെയർപേഴ്സൺ തോമസ് വർഗീസ് പരിചയപ്പെടുത്തുകയും സ്റ്റേജിൽ വിളിച്ച് ആദരിക്കുകയും ചെയ്തു. തുടർന്ന് ഗ്രാൻഡ് സ്പോൺസർമാരെ പ്രശംസാ ഫലകം നൽകി ആദരിച്ചു. പിന്നീട്, ഗോൾഡ് സ്പോൺസർ തോമസ് കോശി, വത്സാ കോശി ദമ്പതികളെയും ഡയമണ്ട് സ്പോൺസർ ഡോ. ഫിലിപ്പ് ജോർജ്, ഷൈലാ ജോർജ് ദമ്പതികളെയും പ്രശംസഫലകം നൽകി ആദരിച്ചു. കോൺഫറൻസ് നടത്തിപ്പിനായി യത്നിച്ച എല്ലാ കമ്മിറ്റി അംഗങ്ങളെയും സെക്രട്ടറി ജോബി ജോൺ അനുമോദിക്കുകയും നന്ദി അറിയിക്കുകയും ചെയ്തു.

സ്പോൺസർമാർക്കായി നടത്തിയ റാഫിൾ നറുക്കെടുപ്പിൽ ഡോ. ഫിലിപ്പ് ജോർജ് (പോർട്ട് ചെസ്റ്റർ സെന്റ് ജോർജ്), ജോസ് ഫിലിപ്പോസ് (ഫ്രാങ്ക്ളിൻ സ്ക്വയർ സെന്റ് ബേസിൽ), ജിമ്മി ജോൺ (മിഡ്‌ലാൻഡ് പാർക്ക്, സെന്റ് സ്റ്റീഫൻസ്), പോൾ മത്തായി (ബെൻസലേം സെന്റ് ഗ്രിഗോറിയോസ്), ഫാ. സുജിത്ത് തോമസ് (ഫിലഡൽഫിയ, അൺറൂ അവന്യൂ സെന്റ് തോമസ്) എന്നിവർ വിജയികളായി. ഇവർക്ക് ആപ്പിൾ വാച്ച് സമ്മാനമായി നൽകി.

കാലാവധി തികച്ച ട്രഷറർ മാത്യു വർഗീസിനു പകരം എബി കുര്യാക്കോസിനെ നിയമിച്ചതായി നിക്കോളോവോസ് മെത്രാപ്പോലീത്ത അറിയിച്ചു.

ഭദ്രാസനത്തിലെ 40 ഇടവകകളിൽ നിന്നായി 750 പേർ പങ്കെടുത്തതായി കോർഡിനേറ്റർ ഫാ. സണ്ണി ജോസഫ് അറിയിച്ചു. കോൺഫറൻസ് നടത്തിപ്പിൽ നിന്നും മിച്ചം പിടിച്ച ഒരു ലക്ഷം ഡോളർ ഹോളി ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെന്ററിനു നൽകുവാൻ സാധിക്കുന്നതിൽ അതിയായ അഭിമാനമുണ്ടെന്ന് ഫാ. സണ്ണി ജോസഫ് പറഞ്ഞു. തുടർന്ന് ഒട്ടേറെ പേർ റിട്രീറ്റ് സെന്ററിനു സാമ്പത്തിക കൈത്താങ്ങുമായി മുന്നോട്ടുവന്നു. മികച്ച സേവനം കാഴ്ച വെച്ച കലഹാരി റിസോർട്ട് ജീവനക്കാരെ ആദരിക്കുകയും അവർക്ക് ക്യാഷ് പാരിതോഷികം നൽകുകയും ചെയ്തു. ട്രഷറാർ മാത്യു വർഗീസ് കൃതജ്ഞത പ്രകാശിപ്പിച്ചു. ഡിന്നറിനും സന്ധ്യ നമസ്കാരത്തിനും ശേഷം കുമ്പസാര ശുശ്രൂഷ നടന്നു. കോൺഫറൻസിൽ പങ്കെടുത്തവരിൽ ഒട്ടുമിക്കവരും ഈ ശുശ്രൂഷയിൽ പങ്കാളികളായി. ശനിയാഴ്ച രാവിലെ ഏഴു മണിക്ക് പ്രഭാത നമസ്ക്കാരത്തെ തുടർന്ന് വി.കുർബ്ബാന നടക്കും. കോർഡിനേറ്റർ ഫാ. സണ്ണി ജോസഫിന്റെ നന്ദി പ്രകാശനത്തോടെയും മാർ നിക്കോളോവോസ് മെത്രാപ്പോലീത്തയുടെ ആശീർവാദത്തോടെയും കോൺഫറൻസിനു തിരശീല വീഴും.

## BUILDING ON THE FIRM FOUNDATION LAID BY CHRIST

**ANU JOSPEH**

The second part of the Keynote Address for the Adults was presented on Friday morning by Fr. Abraham Thomas. Achen continued to expand on this year's theme, "For no one can lay any foundation other than the one already laid, which is Jesus Christ." (1 Corinthians 3:11).



Today, Achen focused on one of the sources for this foundation, the Divine Liturgy. He noted that we continuously build on the foundation laid by Christ through the Holy Sacraments, specifically, Holy Baptism, which ensures our participation in the Death and Resurrection of Christ. Through Holy Baptism, we receive the needed security in life, a sense of ownership of God, the sense of belonging of us, and our own identities which we must carry throughout our lives.

As Jesus is the Shepherd who leads us from behind, we continue forward together travelling toward one destination being a part of our community. Holy Baptism allows us to obtain an adoption by Christ, to transcend all anxieties, to develop a sense of detachment and to go from a temporal to an external existence. As Achen noted, as Orthodox Christians, as we continuously build on the foundation laid by Christ through our participation in the sacraments, may we possess a radiance of face (Gelyus-Aphe).

# രൂപാന്തരം പ്രാപിക്കുവാൻ മറുരൂപമലയ്ക്ക് ഒരു കൈത്താങ്ങ്

**ഫാ.ഡോ. വറുഗീസ് എം.ഡാനിയൽ**

**ഒ**ന്നാം നൂറ്റാണ്ടിൽ മാർത്തോമ്മ ശ്ലീഹയാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭ ഇന്നൊരു ആഗോളസഭയായി മാറിക്കഴിഞ്ഞു. ഭൗതിക വളർച്ചയോടൊപ്പം ആത്മീയ തേജസ് കൈമോശം വരാതെ ലോകത്തെ രൂപാന്തരപ്പെടുത്തുവാൻ കഴിവുറ്റ ഒരു വിശ്വാസസമൂഹത്തെ വാർത്തെടുക്കുവാൻ പര്യാപ്തമായ ആദ്ധ്യാത്മിക കേന്ദ്രം എന്നും സഭാ വളർച്ചയുടെ ഉറവിടമായിരുന്നു.

അഞ്ചു ഭൂഖണ്ഡങ്ങളായി നില കൊള്ളുന്ന മലങ്കര സഭയുടെ ആദ്ധ്യാത്മിക കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഹോളി ട്രാൻസ്ഫിഗറേഷൻ സെന്ററിന് വിശ്വാസസമൂഹത്തിന്റെ കൈത്താങ്ങൽ അത്യന്താപേക്ഷിതമാണ്. നാലു പതിറ്റാണ്ടുകൾക്കപ്പുറം നോർത്ത് ഇന്ത്യയിൽ ഭിലായ് മിഷൻ തുടങ്ങിയപ്പോൾ ഇത് എന്തിന്? എന്നു ചോദിച്ച പലരുമുണ്ടായിരുന്നു. പക്ഷേ, ഇന്ന് അതു നാഗ്പൂർ സെമിനാരിയായും മലങ്കരസഭയുടെ ഒരു മെത്രാപ്പോലീത്തയുടെ കബറിടം ഉൾക്കൊള്ളാൻ കഴിയുന്ന ഒരു തീർത്ഥാടനകേന്ദ്രമായും മാറി. അധികം താമസമന്യേ ഈ ഹോളി ട്രാൻസ്ഫിഗറേഷൻ സെന്റർ പാശ്ചാത്യലോകത്തെ മലങ്കരസഭയുടെ വിളക്കുമരവും മറുരൂപമലയുമായി മാറും.

അതിനു നിങ്ങളുടെയോ വാങ്ങിപ്പോയ പ്രിയപ്പെട്ടവരുടെയോ പേരിൽ 25,000 (ഒരു ക്ലാസ്റൂം/ഹാൾ), 10,000 (ഒരു റൂം) സ്പോൺസർ ചെയ്യുകയോ, രണ്ടായിരമോ അതിനു മുകളിലുള്ള ഒരു തുകയോ സംഭാവനയായി നൽകിയോ നിങ്ങൾ ഈ ദൈവഭവന ഉടമസ്ഥാവകാശം സ്വീകരിക്കാവുന്നതാണ്. അങ്ങനെ ദൈവം നമുക്ക് നൽകിയ അനുഗ്രഹത്തിന്റെ സാക്ഷ്യമായി ഈ വിളക്കുമരം എന്നു നിലകൊള്ളട്ടെ. ഇപ്പോൾ ജീവിക്കുന്നവരും വരാനിരിക്കുന്നവരും ഇവിടെ വന്ന് രൂപാന്തരപ്പെട്ട കർത്താവിന്റെ രാജ്യത്തിൽ പ്രശോഭിക്കട്ടെ.



## FOCUS SESSION REPORT

Fr VIJAY THOMAS

Very Rev Dr. John E. Parker, Dean of St Tikhon's Seminary, was once the priest and pastor of Holy Ascension Orthodox Church in Charleston, South Carolina. During his time in that parish, he led the efforts to build a new Church Building.

During our FOCUS Session this morning, Fr. John led us through that experience of this construction and consecration. He explained that South Carolina is known for hurricanes and can occasionally have earthquakes. Additionally, their property was swamp land. Due to these issues, they needed a strong foundation. Twenty-five cement trucks and eighteen inches of concrete with rebar were designed to allow this church building to withstand the nature's fury. Fr. John explained, "From the foundation of the building, we made every possible care to make sure it was as sturdy as possible." That strong foundation was key to building up the rest of the beautiful church with amazing domes, icons, and stone work. Fr. John said, "A keystone in an arch supports the whole arch and allows it to stand." Drawing on this image, Fr. John pointed us to Jesus Christ.



He explained how many in the community over the years were amazed by the beauty of the church building. One woman came into the church was in awe. She was drawn to the icon of the Ascension. As she looked on it, she cried and started her journey to become an Orthodox Christian. Another man who worked on the fire alarm system for the Church came back and asked to join the church. The Church is consecrated to be a reflection of Christ. But Fr. John explained that we also need to realize that we are also a temple of God.

"Do you not know that you are God's temple and that God's Spirit dwells in you? If anyone destroys God's temple, God will destroy him. For God's temple is holy, and that temple you are." 1 Corinthians 3:10-17 RSV

Thus, we need a strong foundation to withstand the storms of life. We need to be founded on Jesus Christ.

## Christ the foundation – feeding into the little minds

MATHEW SAMUEL

Begin everything with prayer, so taught Fr. Kuriakose Abraham (Alex Achen), after he began his address to the Sunday School children with prayer. Addressing a curious audience of over seventy children including middle school and elementary school students, Achen dwelt into the theme of "Jesus Christ our foundation" using an interactive session of the parable of the house built on the rock. The children gathered around Achen as he demonstrated to them how a house built on rock can withstand the challenges of nature. After visually representing the parable to them, Achen then explained how Christ the rock needs to be their true foundation if they are to withstand the challenges of life as they grow. Just like Jesus used simple methods to teach great concepts to the people, Achen ensured that the theme registered in the little minds using his interactive sessions.

### Children interact with Thirumeni

Middle and elementary school children had a wonderful opportunity to ask questions to Thirumeni today. Questions ranged from simple ones like "When did you become Thirumeni?" to "What is the difference between Orthodox and Marthoma Church?" Thirumeni kept the little ones in good humor, while giving them pearls of wisdom in between. Many years down the line, the kids may forget the questions they asked Thirumeni or the responses they got, but I reckon that they will remember these moments with a Metropolitan of the Church.

## A beautiful verdict from the highest court: Mar Nicholovos

MATHEW SAMUEL



At one of the Super sessions on Friday afternoon, His Grace Zachariah Mar Nicholovos took time to explain in great detail the Sabha case and the path forward for the Church as one united Church. Calling the verdict of the Supreme Court on July 3rd, 2019 as a "beautiful verdict", His Grace encouraged the people to read the verdict in its entirety. The verdict has nullified in no uncertain terms the parallel administration put in place by the other faction in 2002, said His Grace.

The session was well attended and the question answer session that followed was particularly lively. The people had different questions and concerns regarding the Sabha case and its different angles, which were patiently clarified by His Grace. For the past two years, this has been a current topic in everyone's minds. The session proved useful in providing clarity on different matters in this regard. Since His Grace has had the experience of dealing closely with the matter for a long time -His Grace was able to provide great insight.

## ക്രിസ്തീയ യോഗ ഒരു ആത്മീയ അനുഭവം

ഫാ. ഡോ. വർഗീസ് എം ഡാനിയൽ



ആധ്യാത്മികതയുടെ തേജസ്സിൽ പ്രശോഭിക്കുന്നവർക്ക് വേണ്ടുന്ന പരമപ്രധാനമായ കാര്യമാണ് ശരീരാത്മ നിയന്ത്രണം. പൗരസ്ത്യ പിതാക്കന്മാരുടെ ജീവിതചര്യ നോമ്പിലും ഉപവാസത്തിലും കേന്ദ്രീകൃതമായത് ഇപ്രകാരമാണ്. ഇന്ത്യൻ പാരമ്പര്യത്തിൽ നിന്നും ഉത്ഭവിച്ച യോഗ ആത്മശരീര മനസ്സുകളെ നിയന്ത്രണവിധേയമാക്കി യോഗി എന്ന ആത്മീയ തലത്തിലേക്ക് ഉയരുന്നു. ഇവിടെ ഭോഗി, രോഗി എന്നീ വാക്കുകൾ അപ്രസക്തമാകുന്നു. പരിശുദ്ധ ത്രിത്വം കേന്ദ്ര ബിന്ദുവാകുന്നു.

യേശുക്രിസ്തുവിന്റെ രക്ഷകരമായ വീണ്ടെടുപ്പു പ്രധാന ചിന്താവിഷയമാകുന്നു. ദൈവത്തിന്റെ ആലയമായ ശരീരം (1 കൊറിന്ത്യർ 6:19:20) സാത്താന്റെ ഗുഹയാക്കാതെ മാലിന്യങ്ങളുടെ കൂമ്പാരമാക്കാതെ ദൈവസന്നിധിയിൽ സാഷ്ടാംഗപ്രണാമത്തിനും കുമ്പിടീലിനും ഉതകുന്ന ദൈവത്തിന്റെ കൈവേലയുടെ മഹത്വം വെളിപ്പെടുത്തുവാൻ ക്രിസ്തീയ യോഗ മുഖാന്തരമാകുന്നു.

ഓരോ ശ്വാസത്തിലും കർത്താവേ എന്നോട് കരുണ തോന്നണമേ (കുറിയേലായിസോൻ) എന്നുരുവിടുമ്പോൾ ദൈവത്തിന്റെ അനുനിമിഷ സാന്നിധ്യബോധം നമ്മിൽ ജനിപ്പിക്കുന്നു. ഇവിടെ അന്ധകാര ശക്തി ശരീര ആത്മദേഹികളിൽ സ്ഥാനം പിടിക്കാതെ യേശുവാകുന്ന നിത്യവെളിച്ചം നമ്മെ പ്രശോഭിപ്പിച്ച് പുതിയ ദിനത്തിൽ ഉന്മേഷവും ഉണർവും പകർന്നു നൽകുന്നു.

## ക്രിസ്തുവിൽ വേരൂന്നി കോളേജിലേക്ക്

സ്വന്തം ലേഖകൻ

ഓരോ കുട്ടിയും അനന്തമായ സാധ്യതയുടെ അമൂല്യ സ്രോതസ്സാണ്. യഥാസമയം അവസരങ്ങളെ ഉപയോഗപ്പെടുത്തുവാനും സമഗ്രമായ വളർച്ചയുടെ പന്ഥാവിൽ ചരിപ്പാനും ക്രിസ്തുവിൽ വേരൂന്നിയ ഒരു ജീവിതശൈലി അനുപേഷണീയമാണ്. കോൺഫറൻസ് മൂന്നാം ദിവസം ഉച്ചതിരിഞ്ഞ് നടന്ന സൂപ്പർസെഷനിൽ സ്കൂളിൽ നിന്നും കോളേജിലേക്കുള്ള പാത ഒരു ക്രൈസ്തവ കാഴ്ചപ്പാടിൽ എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രഭാഷണം നടത്തുകയായിരുന്നു ഭദ്രാസന സെക്രട്ടറി ഫാ.ഡോ. വറുഗീസ് എം. ഡാനിയൽ.

സ്കൂളിലെ പഠന-പരിശീലന രീതികളും കോളേജിലെ ശൈലിയും വ്യത്യസ്തമാണെന്നും ഓരോ മാതാപിതാക്കളും വിദ്യാർത്ഥികളും തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. വൈവിധ്യമാർന്ന ബൗദ്ധികത ഒരു സഖ്യമാണെന്നും ഓരോ കുട്ടിക്കും ലഭ്യമായിരിക്കുന്ന ടാലന്റുകൾ അതുല്യമാണെന്ന ചിന്ത ചെറുപ്പം മുതലേ കുഞ്ഞുങ്ങളിൽ സ്ഥാപിച്ചെടുക്കേണ്ടത് ഒഴിച്ചു കൂടാൻ പാടില്ലാത്ത കാര്യമാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സാമർത്ഥ്യം മാത്രമല്ലെന്നും നന്മയും അതിന്റെ ഭാഗമാണെന്നും തിരിച്ചറിയാൻ കഴിയണം.

ഓരോ വിദ്യാർത്ഥികളുമായുള്ള സംവാദവും സമ്പർക്കവും കുട്ടികളുടെ വളർച്ചയിൽ മാതാപിതാക്കൾക്ക് അന്യമായി പോകരുത്. ഇന്ത്യൻ പശ്ചാത്തലത്തിൽ വളർന്ന മാതാപിതാക്കൾ അന്നുണ്ടായിരുന്ന അതേ വെല്ലുവിളികളാണ് ഇന്ന് അമേരിക്കയിൽ കുട്ടികൾ നേരിടുന്നതെന്ന് നാം കരുതരുത്. കാലത്തിന്റെ വെല്ലുവിളികൾ വ്യത്യസ്തമാണെന്നും ദേശത്തിന്റെയും സംസ്ക്കാരത്തിന്റെയും വൈവിധ്യത വിദ്യാർത്ഥികളിൽ സ്വാധീനം ചെലുത്തണമെന്നും അവിടെ ക്രിസ്തുവിൽ വേരൂന്നിയ മൂല്യങ്ങൾ വിദ്യാർത്ഥി ഹൃദയങ്ങളിൽ പകർന്നു കൊടുക്കുവാൻ നമുക്ക് സാധിക്കണം. ഒട്ടേറെ മാതാപിതാക്കളും കുട്ടികളും ഈ സെഷനിൽ പങ്കെടുത്തു.

## CARTOON CORNER



## COMMENTS FROM PARTICIPANTS

This was a great family conference. A wonderful opportunity for everyone to come together and participate in a variety of activities that everyone can enjoy. Something valuable to mention is, how the team efficiently managed the crowd during meals and organized the spaces throughout the conference.

Even during the adverse weather, they improvised and conducted the colorful procession inside the facility. This was a great experience for me and my family. Thank you to the FYC 2019 team for all of their hard work and effort in making this conference a great success!

Reji Kureekkattil

As a first time participant of FYC, it has been a revealing experience. Key note address was the highlight of the gathering, which discussed foundation of our faith and reality of mystery which is not something that can be revealed, through a process of discovery. It was a relaxing and spiritually awakening experience.

Bobby Toms

I attended the second MGOCSM session on Friday. Shawn Achen discussed the callings of Isaiah, Moses and Mary. Achen described their fear and how each one found strength through God to overcome it. I learned that I should use these callings as a tool to endure suffering and be ready for Jesus' call at any moment. After the photo session, the seminarians had a Q&A with all of us and answered our burning questions about seminary life. I really enjoyed the MGOCSM sessions for both of the days.

Christa George

I have attended most of family conferences since its inception in our diocese. I enjoyed this year's conference at Kalahari Resort. The procession even though it was held inside due to rainy weather, it was planned well and colorful. The talent show was entertaining. It would have been nice to see more variety programs and participation by churches. Keynote speaker covered the topic very well and was very enlightening. Bad weather didn't dampen the sports spirit. It was well attended and organized. Sunday School children had separate sessions and presented beautiful program for the adults later. Super session I attended were very informative. Prayer book did not have all the prayers. It could have been easy to follow, if prayers were projected to the screen. There were some minor issues with accommodation which was corrected next day. On the bright side, food was excellent. Overall, it was a good conference.

Mathai Chacko

## The call by God – MGOCSM reflects

MATHEW SAMUEL

The keynote address for MGOCSM was attended by thirty to forty delegates. Fr. Shawn Thomas led the session. Achen divided the audience into three groups and asked them to deliberate on selected portions of scripture dealing with the call of God to different people, finally reflecting on our own call by God.

Moses was called by God at the burning bush and asked to lead the people to the promised land and to God. Isaiah was asked to call upon the people to repent and turn to God. The disciples were called to "Go" into the world and make disciples bringing them to God. Mary was called to become the God bearer. Each of these callings are accompanied with the promise that God will be with them in their mission. In like manner, we are sent out into the world with a mission to bring Christ to the people and people to Christ, with the promise that God will be with us.



## SOCIAL JUSTICE
### AND CHRISTIAN LIFE

Staff Reporter

The concept of "Social Justice" is as much a part of the New Testament as it is to our current times, said Peter Jacob a social worker by profession and a political activist who contested for the US Congress on the democratic platform. Peter was spending at the super session titled 'Social Justice and Christian Life'.

The session was a discussion on the socio-economic challenges we face today (income inequality, healthcare, immigration, race, and other issues), while also taking a deeper look at the socio-economic political environment in which Jesus lived in and conducted his ministry. Analyzing the parables, verses, and stories of Jesus, as well as, looking at the Orthodox Social Thought as expounded in the Eastern churches in modern times, a solution of a social-economic platform and path forward to is proposed to address the injustices and exploitation we find today in the world.




## THE GROWTH OF HOLY TRANSFIGURATION RETREAT CENTER (HTRC)

Contd from Page: 1

said HTRC provides a fertile background for such an institution of global stature to be created by the North East American Diocese on behalf of the global Malankara Church. HTRC Director Fr. M. K. Kuriakose reminded the audience of the real purpose of HTRC is not to be run as a profitable entity that generates financial surplus but to create a Ministry that will strengthen the church.

Diocesan Secretary Fr. Dr. Varghese M. Daniel spoke about the impact HTRC is already having on the youth who have attended camps conducted by various ministrys at HTRC. Achen spoke about a kid who came back from HTRC retreat and could not believe that he could spend sevendays without a cellphone. That seven days was an uninterrupted period he spent with God and felt blessed for getting that opportunity. He encouraged every church to coordinate with Mary De Angelis at HTRC to organize kids, youth and families' camps at HTRC.

MGOCSM Representative Kripa Varghese, Talmeedo representatives Gregory Pappan and Blesson Thomas, MMVS representative Jinu Peter spoke about their great experiences bringing together youth from across the diocese to organize camps at HTRC. Diocesan Council member Sajan Mathew, Managing Committee member Joseph Abraham, Former Managing committee Philipose Philip and Paul Karukapillil also spoke during the occasion.

Session ended with EbyKuriakose laying out the fund raising strategy.

HTRC Advisory Board Members

HG Zachariah Mar Nicholovos (Metropolitan), Fr. Dr. Varghese M. Daniel (Diocesan Secretary), Fr. Mathew Thomas (Diocesan Council), Fr.Babu K Mathew(Diocesan Council), Dr. Philip George (Diocesan Council), Sajan Paracket Mathew (Diocesan Council), Saji Pothen (Diocesan Council), Santosh Mathai (Diocesan Council), Fr. M.K. Kuriakose (Former Diocesan Secretary), George Thumpayil (Managing Committee), Joseph Abraham (Managing Committee), Roy Ennacheril (Managing Committee), George Varghese (Diocesan Assembly Member), Paul Karukappillil (Diocesan Assembly Member), Dr. Zach Zacharia (HTRC Advisory Committee Member), AjithVattaseril, Philipose Philip, Shaji Varghese, Varghese Pothanicad, Das Kannamkuzhiyil, Jaison Thomas, James Samuel, KuriakoseTharian, Madhu Philip, Jamie Joshua, EbyKuriakose (Westchester)-(HTRC Advisory Committee Members), Joby John (NJ), Thomas Varghese (Saji) (Queens), Philip Varghese (PA), Paul John (PA), Abraham Pothen (Sajan), (Rockland), Dr. Gregory Varghese (Bensalem) (PA), KG Oommen (Jay) ( Rockland), Punnose Punnen (Yonkers), Babu Parackal Varghese (LongIsland), Rosemary Yohannan (LongIsland), Joshua Abraham (Maryland), Elsykutty Mathew (Queens)- HTRC Development Board Members

## Breaking down the stigma of mental health

STAFF REPORTER

Breaking down the stigma of mental health in adults, child and adolescents was presented by Dr. Albert G. Thomas. The topics that were briefly touched upon included depression, bipolar disorder, alcohol use disorder, anxiety, ADHD, school avoidance, autism and mental health affecting lesbians, gays, bisexual, transgender and questioning. It was widely attended and the speaker received positive feedback. This session highlighted the importance of further in-depth discussion regarding mental health. Dr. Thomas will be available for future presentations or questions. He can be reached at Thomas99@buffalo.edu.





## MGOCSM and OCYM Alumni meets

MATHEW SAMUEL

The MGOCSM and OCYM Alumni met during lunch on Friday. The meeting happened in a very informal setting. His Grace Zachariah Mar Nicholovos presided. Fr. Abraham Thomas the main speaker at the conference, Fr. M.K. Kuriakose, Fr. John Thomas, Fr. Alex K. Joy and Fr. Dr. Raju Varghese were among the clergy who attended. Lisa Rajan, General Secretary of MGOCSM gave a brief of the MGOCSM ministry and especially about areas where the Alumni could help them. His Grace spoke of the importance of the Alumni as a bridge between the parishes and the students. The meeting ended with prayer and a photo session.










Shots of the Day 4












































## Editor's Picture of the Day



*"No, I am not yawning; I am trying for my best effort".*

*Photo by: BINU SAMUEL*








## DOWNLOAD THE MOBILE APP

SEARCH for "fyc2018" or "fyconf" in app store for iPhone and in play store for Android




NORTH EAST


NORTH EAST


EXIT










NORTH EAST


NORTH EAST
AMERICAN DIOCESE OF THE
MALANKARA ORTHODOX CHURCH


NORTH EAST








FYC
2019


FYC
2019

# ധ്യാനദീപ്തമായ കോൺഫറൻസിന് ധന്യസമാപനം

**സ്വന്തം ലേഖകൻ**



ന്യൂയോർക്ക്: തലമുറകളിലൂടെ കൈമാറി വന്ന സത്യവിശ്വാസം പ്രവാസമണ്ണിൽ കെടാതെ സൂക്ഷിക്കും എന്ന മനോസ്ഥൈര്യത്തോടെയും പുതുതലമുറക്ക് പ്രാപ്യമായ രീതിയിൽ ദേശ/ ഭാഷാ പ്രശ്നങ്ങളെ ആത്മീയമായും ഭൗതികമായും അഭിമുഖീകരിച്ചും മാതൃസഭയോടു കൂറും വിധേയത്വവും ഉറക്കെ പ്രഖ്യാപിച്ചു കൊണ്ടും മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന 2019 ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് പെൻസിൽവേനിയയിലെ കലഹാരി റിസോർട്സ് ആൻഡ് കൺവൻഷൻ സെന്ററിൽ സമാപിച്ചു. ഭദ്രാസന അധ്യക്ഷൻ സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തായുടെ ആത്മീയവും സജീവവുമായ നേതൃത്വത്തിലും ഭദ്രാസന കൗൺസിലിന്റെ ആഭിമുഖ്യത്തിലും സേവനസന്നദ്ധരായ ഒട്ടേറെ സഭാവിശ്വാസികളുടെ സഹകരണത്തിലാണ് ജൂലൈ 17 ബുധനാഴ്ച മുതൽ 20 ശനിയാഴ്ച വരെ കോൺഫറൻസ് വിജയകരമായി നടന്നത്. "യേശുക്രിസ്തു ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നിടുവാൻ ആർക്കും കഴിയുകയില്ല," (1 കോരിന്ത്യർ 3:11) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള കോൺഫറൻസിന് സഭയുടെ തിയോളജിക്കൽ സെമിനാരിയിലെ പ്രൊഫസർ ഫാ. ഏബ്രഹാം തോമസ്, സെന്റ് ടിക്കോൺസ് ഓർത്തഡോക്സ് സെമിനാരി പ്രൊഫ. വെരി. റവ. ഡോ. ജോൺ ഈ പാർക്കർ മൂന്നാമൻ തുടങ്ങി പ്രഗത്ഭരായ ഒട്ടനവധി പേർ നേതൃത്വം നൽകി.

കോർഡിനേറ്റർ ഫാ. സണ്ണി ജോസഫ്, സെക്രട്ടറി ജോബി ജോൺ, ട്രഷറർ മാത്യു വറുഗീസ്, ഫിനാൻസ് ചെയർ തോമസ് വറുഗീസ്, സുവനീർ ചീഫ് എഡിറ്റർ ജേക്കബ് ജോസഫ്, ബിസിനസ് കോർഡിനേറ്റർ സണ്ണി വറുഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള നൂറിലധികം വരുന്ന കമ്മിറ്റി അംഗങ്ങളുടെ മാസങ്ങൾ നീണ്ട അക്ഷീണ പ്രയത്നങ്ങളുടെ പരിണിതഫലമാണ് നൂറു ശതമാനം വിജയം എന്ന് ഉറപ്പിച്ച് കോൺഫറൻസിന് സമാപ്തിയായത്.

മൂല്യവത്തായ വിശ്വാസത്തെ തൊട്ടറിയുന്നതിനും അടുത്ത തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിനുമുള്ള ചുമതല ഇപ്പോഴത്തെ തലമുറയിൽ നിക്ഷിപ്തമാണെന്നും ഇത് സഭ മുഴുവന്റെയും ഉത്തരവാദിത്വമാണെന്നും തിരിച്ചറിയുന്ന നിമിഷങ്ങളായിരുന്നു കോൺഫറൻസിൽ അരങ്ങേറിയത്.

ഭക്തിയോടും വിശ്വാസത്തോടെയുമുള്ള സത്യാരാധനയും ക്രിസ്തുവിന്റെ മനുഷ്യ സ്നേഹത്തിന്റെ മൂർത്തീകരണവുമാണ് നമ്മുടെ പ്രധാന ചുമതലകളുമെന്നു വിശ്വാസികളുടെ ഹൃദയത്തിൽ പതിപ്പിക്കുവാൻ തക്കവണ്ണമാണ് പ്രോഗ്രാമുകൾ ക്രമീകരിച്ചിരുന്നത്. മൗനത്തിന്റെ ഭാഷ ശക്തമാണെന്നും, പ്രാർത്ഥനയിലൂടെ വെളിപ്പെടുന്ന സത്യങ്ങളുടെ മർമ്മം അറിഞ്ഞു പ്രവർത്തിക്കുന്നവരാണ് യഥാർത്ഥ വിശ്വാസികൾ എന്നുള്ള ഫാ. എബ്രഹാം തോമസിന്റെ നിരീക്ഷണം വിശ്വാസികൾക്ക് ഏറെ പ്രചോദനമായി.



സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികനായ ശനിയാഴ്ചയിലെ വി. കുർബ്ബാനയിൽ കോൺഫറൻസിൽ പങ്കെടുത്ത വൈദികർ സഹകാർമ്മികരുമായി. ശെമ്മാശന്മാരും അൾത്താര ശുശ്രൂഷകരും പങ്കാളികളായി. കോർഡിനേറ്റർ ഫാ. സണ്ണി ജോസഫ് ഒരിക്കൽ കൂടി എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. കോൺഫറൻസിൽ ആദ്യമായി പങ്കെടുത്ത നിക്കോൾ വറുഗീസ് (മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക, സ്റ്റാറ്റൺ ഐലൻഡ്), ലീനാ തോമസ് (സെന്റ് മേരീസ് ഇടവക, ലിൻഡൻ), എലിസബത്ത് ഐപ്പ് (സെന്റ് തോമസ് ഇടവക, വാഷിങ്ടൺ ഡിസി) എന്നിവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

ബിനു സാമുവൽ, അജിത്ത് വറുഗീസ്, ബിപിൻ മാത്യു എന്നിവർ ഒപ്പിയെടുത്ത കോൺഫറൻസ് ചിത്രങ്ങൾ വിഡീയോ പ്രസന്റേഷനിലൂടെ കോൺഫറൻസ് പങ്കാളികൾ മുൻപാകെ പ്രദർശിപ്പിച്ചു. കോൺഫറൻസിന്റെ ചരിത്രത്തിലാദ്യമായി അടുത്ത കോൺഫറൻസിലേക്കുള്ള പ്രീ രജിസ്ട്രേഷൻ ക്യാംപെയ്നിൽ മുന്നൂറിലധികം പേർ നൂറു ഡോളർ മുൻകൂറായി കൊടുത്തു രജിസ്റ്റർ ചെയ്തു. ഇതിനു വേണ്ടി പുതിയതായി സ്ഥാനമേറ്റെടുത്ത ട്രഷറർ എബി കുര്യാക്കോസ് നേതൃത്വം നൽകി.

ഹോളി ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെന്റർ അഡ്വൈസറി ബോർഡിന്റെ ഒരു പ്രത്യേക യോഗം കൂടുകയും സുപ്രധാന തീരുമാനങ്ങളെടുക്കുകയും ചെയ്തു. മാർ നിക്കോളോവോസ് മെത്രാപ്പോലീത്തായുടെ ആശീർവാദത്തോടെയും കൈമുത്തിയും കോൺഫറൻസിന് സമാപനമായി. എല്ലാവരും പ്രഭാത ഭക്ഷണം കഴിച്ച് അന്യോന്യം ആശ്ലേഷിച്ച് ഇനിയും അടുത്തവർഷം കാണാമെന്ന ഉറപ്പോടെയാണ് പിരിഞ്ഞു പോയത്.











**2020 പ്രീ രജിസ്ട്രേഷൻ കിക്കോഫ്**





*എബി കുര്യാക്കോസ്: 2020 ട്രഷറർ*

**PHOTOS: Binu Samuel, Ajith Varghese, Bipin Mathew**

Printed and published for the 2019 Family and Youth Conference, a Ministry of the Northeast American Diocese under the spiritual leadership of HG Zachariah Mar Nicholovos Metropolitan. Conference Coordinator : Rev. Fr. Sunny Joseph, (718)608-5583, frsunny1@aol.com, General Secretary: Joby John (201)321-0045, Joby.John@gmail.com, Treasurer: Mathew Varughese (631) 891-8184, babyammal@hotmail.com Conference Chronicle Chief Editor: Rev Fr Shibu Daniel. Editor: George Thumpayil, (973)943-6164, thumpayil@aol.com. Contributing Editors: Mathew Samuel (Sunil), Rajan Yohannan, Philipose Philip, Saju George, Jeemon Varghese, Saji M. Pothen, Anu Joseph, Eby Kuriakose. Photography Director: Binu Samuel, Photography: Ajith Varghese, Technology Director:Cherian Perumal, Photo Editor: Bipin Mathew